KIFA
Relook
Quarterly Newsletter

Vol. 10
May 2026



# ചെയർമാന്റെ സന്ദേശം

**മാറ്റം സാധ്യമാവട്ടെ**

പത്തുവർഷത്തെ കർഷക വിരുദ്ധ ഭരണം അവസാനിപ്പിച്ചുകൊണ്ട് പുതിയൊരു ഭരണത്തിനായി കേരളജനത വിധി എഴുതി കഴിഞ്ഞിരിക്കുന്നു. പുതിയൊരു മുഖ്യമന്ത്രിയെയും തെരഞ്ഞെടുത്തു കഴിഞ്ഞിരിക്കുന്നു.

കേരള സമൂഹത്തിലെ ഏറ്റവും അടിസ്ഥാന വിഭാഗമായ കാർഷിക ജനത കൃഷി ഉപേക്ഷിച്ച് സ്വന്തം ജീവനും കയ്യിൽ പിടിച്ച് ജനിച്ച മണ്ണിൽ നിന്ന് പലായനം ചെയ്യേണ്ട അവസ്ഥയിലാണിപ്പോൾ. ഈ ഭരണമാറ്റം അത്തരമൊരു അവസ്ഥയിൽ നിന്ന് കരകയറാൻ കർഷകരെ സഹായിക്കുന്ന പുതിയൊരു യുഗത്തിന് തുടക്കമിടും എന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ കാർഷിക മേഖലയുടെ നട്ടെല്ലൊടിച്ച വന്യമൃഗ ശല്യത്തിന് പരിഹാരം കാണുക എന്നുള്ളതാണ് ഈ സർക്കാരിന്

*(ശേഷം പേജ് 7ൽ)*

## ഉള്ളടക്കം

ചെയർമാന്റെ സന്ദേശം
ജില്ലാ വാർത്തകൾ
സാമ്പത്തിക റിപ്പോർട്ട്
ചരമം

# ജില്ലാ വാർത്തകൾ

**കോഴിക്കോട്**

11 - January

കൂരാച്ചുണ്ട് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കാട്ടുപന്നി ശല്യം രൂക്ഷമായതിനാൽ ഓണററി വൈൽഡ് ലൈഫ് വാർഡൻ പഞ്ചായത്ത് പ്രസിഡൻറ് സിനി ജിനോയുടെ ഉത്തരവിനെ തുടർന്ന് കിഫയുടെ 27 ഷൂട്ടർമാർ ഓട്ടപ്പാലത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ നിരവധി കാട്ടുപന്നികളെ വെടിവെച്ചു കൊന്നു.



**വയനാട്**

11 - February

സംസ്ഥാനം നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുങ്ങുന്നതിനിടെ കർഷക അവകാശ പത്രികയുമായി കേരള ഇന്റിപെൻഡന്റ് ഫാർമേഴ്സ് അസോസിയേഷൻ. രണ്ട് ഭാഗങ്ങളിലായി 35 നിർദേശങ്ങളടങ്ങുന്ന പത്രികയാണ് കിഫ തയ്യാറാക്കിയത്. ഇതിന്റെ പകർപ്പ് ഇടത്, വലത് മുന്നണികളുടെയും എൻഡിഎയുടെയും സംസ്ഥാന നേതൃത്വത്തിന് സമർപ്പിച്ചതായി കിഫ സംസ്ഥാന ചെയർമാൻ അലക്സ് ഒഴുകയിൽ, ജില്ലാ പ്രസിഡന്റ് ജോൺ നാമല, ജില്ലാ കമ്മിറ്റി അംഗങ്ങളായ കുഞ്ഞാമൻ എടമുണ്ട, ബാലകൃഷ്ണൻ പുത്തൻപുര, സാബു തോമസ്, ബേബി തോമസ് എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## ആദരാഞ്ജലികൾ



**ടോമി ജോസഫ്**

കിഫ തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട്

**കണ്ണൂർ**

15 - February

തിരഞ്ഞെടുപ്പിന് മുന്നോടിയായി കർഷകരുടെ ആവശ്യങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനായി ജനങ്ങളിൽ നിന്നും അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനായി കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോർണർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. കൊട്ടിയൂർ, കേളകം, ആറളം, പഞ്ചായത്തുകളിൽ ആണ് മീറ്റിങ്ങുകൾ സംഘടിപ്പിച്ചത്. കർഷകരുടെ വിവിധ പ്രശ്നങ്ങൾ ഉൾപ്പെടുത്തിയ തിരഞ്ഞെടുപ്പ് പത്രിക ചർച്ച ചെയ്തു. പ്രാദേശിക വിഷയങ്ങൾ കൂടി വിവിധ രാഷ്ട്രീയപാർട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താൻ യോഗത്തിൽ തീരുമാനിച്ചു. സംസ്ഥാന ചെയർമാൻ അലക്സ് ഒഴുകയിൽ, ജില്ലാ പ്രസിഡണ്ട് പ്രിൻസ് ദേവസ്യ, വയനാട് ജില്ലാ പ്രസിഡണ്ട് ജോൺ നാമല, കേളകം പഞ്ചായത്ത് കമ്മിറ്റി പ്രസിഡണ്ട് മാത്യു തൈവേളയ്ക്കകത്ത്, കൊട്ടിയൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡണ്ട് വിൽസൺ വടക്കയിൽ, ആറളം പഞ്ചായത്ത് കമ്മിറ്റി പ്രസിഡണ്ട് ജിൽസൺ തുടങ്ങിയവർ സംസാരിച്ചു.




**കോഴിക്കോട്**

07 - February




**ആർക്കൊപ്പം-26 ന് ഗംഭീര തുടക്കം**

'കർഷകരെ മറക്കുന്നവർ നിയമസഭ മറന്നേക്കൂ' എന്ന മുദ്രാവാക്യവുമായി വന്യമൃഗ ശല്യം അടക്കമുള്ള കാർഷിക വിഷയങ്ങളിൽ 35 ഡിമാന്റുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർഷക അവകാശ പത്രിക തിരുവമ്പാടിയിൽ സംഘടിപ്പിച്ച ആർക്കൊപ്പം 26 എന്ന പരിപാടിയിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ പ്രകാശനം ചെയ്തു. തിരുവമ്പാടി പട്ടണത്തെ ഇളക്കി മറിച്ചുകൊണ്ട് വമ്പിച്ച പ്രകടനവും തുടർന്ന് പൊതു സമ്മേളനവും നടന്നു.




**കോഴിക്കോട്**

16 - February

പെരുവണ്ണാമൂഴി വനമേഖലയിൽ വന്യജീവി അഭയകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പ് ജനവാസ മേഖലയുടെ സുരക്ഷ ഉറപ്പാക്കണമെന്നും, സീതപ്പാറ മുതൽ പൂഴിത്തോട് വരെ 18 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന സോളാർ തൂക്കുവേലി വേഗം പൂർത്തിയാക്കണമെന്നും കിഫ പഞ്ചായത്ത് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

**പാലക്കാട്**

20 - February

നിയമസഭാ തിരഞ്ഞെടുപ്പിനു മുൻപ് അവകാശ പത്രിക പുറത്തിറക്കി കിഫ. വനഭൂമിക്ക് പുറത്തിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനെതിരെ കേസെടുക്കരുതെന്നാണ് പത്രികയുടെ പ്രധാന ആവശ്യം. വന്യമൃഗാക്രമണത്തിലെ തുച്ഛമായ ധനാശ്വാസം നൽകുന്നത് മാറ്റി കാലോചിതമായി പരിഹരിക്കണം. കാട്ടുപന്നിയെ കൊല്ലുന്നതിന് ഉത്തരവിട്ടതുപോലെ മലയണ്ണാനെയും കുരങ്ങനെയും കൊല്ലാൻ ഉത്തരവ് നൽകണം തുടങ്ങിയ ആവശ്യങ്ങളാണ് പത്രികയിലുള്ളത്. വനത്തോട് ചേർന്നുള്ള റവന്യൂ ഭൂമി ക്രയവിക്രയം ചെയ്യാൻ ഒരിക്കൽ




നിരാക്ഷേപ പത്രം ലഭിച്ച സ്ഥലങ്ങൾക്ക് നിശ്ചിത സമയത്തിന് ശേഷം വീണ്ടും നിരാക്ഷേപ പത്രം വേണമെന്ന് വനം വകുപ്പിന്റെ നടപടി അവസാനിപ്പിക്കണം. മറ്റു ജില്ലകളിൽ ഇല്ലാത്ത നിയമമാണ് പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതെന്നും ആവശ്യങ്ങൾ അംഗീകരിക്കുന്നവർക്കായിരിക്കും പിന്തുണ യെന്ന് ചെയർമാൻ അലക്സ് ഒഴുകയിൽ, ജില്ലാ പ്രസിഡണ്ട് സണ്ണി കിഴക്കേക്കര, ജില്ലാ വൈസ് പ്രസിഡണ്ട് സോണി പ്ലാത്തോട്ടം, ജില്ലാ കോർഡിനേറ്റർ ജോമി മാളിയേക്കൽ, കോട്ടോ പ്പാടം പഞ്ചായത്ത് കമ്മിറ്റി പ്രസിഡണ്ട് അബ്ദുൽ സമദ്, സെക്രട്ടറി പി ഹംസ എന്നിവർ പറഞ്ഞു.

---

പാലക്കാട്

20 - February



പി ടി 7 എന്ന കൊലയാളി ആന ജീവിതം തകർത്ത ബേബി ചേട്ടനെ സഹപ്രവർത്തകർക്കൊപ്പം ചെയർമാൻ അലക്സ് ഒഴുകയിൽ സന്ദർശിച്ചപ്പോൾ.

**തൃശ്ശൂർ**

21 - February



തൃശ്ശൂർ, പീച്ചി മേഖലയിൽ കിഫ ചെയർമാൻ അഡ്വ. ശ്രീ. അലക്സ് ഒഴുകയിൽ പങ്കെടുത്ത വന്യമൃഗ ശല്യം സംബന്ധിച്ച നിയമാവബോധം നൽകിയ മീറ്റിങ്ങിൽ, ജില്ലാ, പ്രാദേശിക കമ്മിറ്റി ഭാരവാഹികളും അറുപതിലേറെ പ്രദേശവാസി കളും പങ്കെടുത്തു.

**ഇടുക്കി**

27 - February

നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് കിഫ പുറത്തി റക്കിയ അവകാശപത്രികയെക്കുറിച്ച് വിശദീകരി ക്കുന്നത് തൊടുപുഴയിൽ കിഫ പ്രസ്സ്മീറ്റ് സംഘ ടിപ്പിച്ചു. കിഫയുടെ നിയമസഭാ തിരഞ്ഞെടുപ്പിലെ നിലപാട് ചെയർമാൻ അലക്സ് ഒഴുകയിൽ മാധ്യമ പ്രവർത്തകരോട് വ്യക്തമാക്കി. തോംസൺ കെ ജോർജ്ജ്, ടോബിൻ സെബാസ്റ്റ്യൻ, ജില്ലാ പ്രസിഡണ്ട് മാർട്ടിൻ ജോൺ, എബ്രാഹം കെ എം എന്നിവരും സന്നിഹിതരായിരുന്നു.

**കോട്ടയം**

26 - February

കിഫ പമ്പാവാലി, എയ്ഞ്ചൽവാലി യൂണിറ്റ് പുന:സംഘടിപ്പിച്ചു, കിഫ ചെയർമാൻ അഡ്വ: അലക്സ് ഒഴുകയിൽ നേതൃത്വം നൽകിയ സമ്മേളനത്തിൽ, വാർഡ് മെമ്പർ ടോം കാലാപ്പറമ്പിൽ അധ്യക്ഷത വഹിച്ചു, കിഫ മാനേജിംഗ് ബോർഡ് അംഗം തോംസൺ കെ. ജോർജ്ജ്, ജില്ലാ പ്രസിഡണ്ട് വിദ്യാധരൻ കൊച്ചു പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.






കോഴിക്കോട്

01 - March

പുതുപ്പാടി പഞ്ചായത്ത് - കണ്ണപ്പൻകുണ്ടിൽ ചേർന്ന കിഫ മാനിഫെസ്റ്റോ വിശദീകരണ യോഗത്തിൽ ചെയർമാൻ, രാജേഷ് ജെയിംസ്, ഷെല്ലി തടത്തിൽ എന്നിവർ സംസാരിച്ചു.

കോഴിക്കോട്

08 - March

തലയാട് ചെമ്പൂക്കര ശ്രീ. വാസു തച്ചേടത്തിന്റെ വസതിയിൽ വെച്ച് നടന്ന കിഫ കർഷക കുടുംബ സംഗമം കർഷകരുടെ മികച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ശ്രീ. വാസു തച്ചേടത്ത് സ്വാഗതം ആശംസിച്ച യോഗത്തിൽ, കിഫ ചെയർമാൻ അഡ്വ. അലക്സ് ഒഴുകയിൽ മുഖ്യപ്രഭാഷണവും വിഷയാവതരണവും നടത്തി.

കിഫ മാനേജിംഗ് ബോർഡ് അംഗം ജിന്റോ നിരണത്ത്, ജില്ലാ കമ്മിറ്റി അംഗങ്ങളായ അഷ്റഫ് കാഞ്ഞിരപറമ്പിൽ, ഷെല്ലി തടത്തിൽ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് പുതിയ കമ്മിറ്റി ഭാരവാഹികളുടെ തെരഞ്ഞെ ടുപ്പും നടന്നു



**കോഴിക്കോട്**

09 - March

കൂരാച്ചുണ്ട് ഓട്ടപ്പാലത്ത് നടന്ന കിഫ കുടുംബ സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ. മനോജ് കുംബ്ലാനി സംസാരിച്ചു.



**പാലക്കാട്**

31 - March

നിയമസഭ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർഥി തുളസി ടീച്ചർക്ക് കിഫയുടെ അവകാശ പത്രിക സമർപ്പിച്ചു.

*(ചെയർമാന്റെ സന്ദേശം തുടർച്ച)*

മുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. അതിന്റെ തുടക്കം തന്നെ കൃഷി ഭൂമിയിൽ ഇറങ്ങി കൃഷി നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണി ആവുകയും ചെയ്യുന്ന വന്യമൃഗങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തുകൊണ്ടാവട്ടെ.

അതോടൊപ്പം തന്നെ വന്യമൃഗ ശല്യം മൂലമുള്ള ആക്രമണങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകുകയും, ആവശ്യത്തിന് തോക്ക് ലൈസൻസുകൾ അനുവദിക്കുകയും ചെയ്യുക.

കേരളത്തിലെ കാലഹരണപ്പെട്ട റവന്യൂ നിയമങ്ങൾ കാലോചിതമായി പൊളിച്ചെഴുതിക്കൊണ്ട് കൃഷിയിലേയ്ക്കും കാർഷിക മേഖലയിലേയ്ക്കും കൂടുതൽ ആളുകളെയും നിക്ഷേപവും ആകർഷിച്ച് കൊണ്ട് കാർഷിക മേഖലയെ സമഗ്രമായി പുനരുജ്ജീവിപ്പിക്കുവാനും ഈ അവസരം സർക്കാർ ഉപയോഗിക്കുമെന്ന് കരുതുന്നു.

**പുതിയ സർക്കാരിന് എല്ലാവിധ ആശംസകളും നേരുന്നു.**



**KIFA**
**5/518, Niranath Building, Thalayad P/O**
**Unnikulam, Kozhikode-673574**
**BALANCE SHEET AS AT 31st MARCH 2025**

| LIABILITIES | As at 31st March 2025 | As at 31st March 2024 | ASSETS | As at 31st March 2025 | As at 31st March 2024 |
|---|---|---|---|---|---|
| **Capital Fund** | | | **Property,Plant & Equipments** | | |
| Capital & Member's Contribution | 4,28,711 | 10,81,879 | (As per schedule 1) | 1,05,672 | 1,09,445 |
| Add:Additions during the year | - | 5,38,416 | | | |
| | 4,28,711 | 16,20,295 | | | |
| Less: Excess of Income over Expenditure | -2,95,794 | -11,91,584 | | | |
| | 1,32,917 | 4,28,711 | | | |
| **Corpus Fund** | | | | | |
| Amount received for special purpose | 3,03,785 | - | | | |
| **Current liabilities.** | | | | | |
| Advance received from Member | 60,848 | 94,063 | **Cash at bank;** | | |
| Audit Fee Payable | 33,000 | 36,000 | Federal Bank 892 | 1,44,864 | 1,70,828 |
| Accounting charge payable | 30,000 | 15,000 | Federal Bank A/c No 183744 | 3,50,956 | 2,93,500 |
| Salary Payable | 12,000 | - | | 4,95,821 | 4,64,328 |
| Rent Payable | 11,000 | - | | | |
| Sundry Creditors | 17,943 | - | | | |
| **Total** | **6,01,493** | **5,73,773** | **Total** | **6,01,493** | **5,73,773** |

As per our audit report of even date

**For KIFA**
Chairman

Secretary

Date:12.01.2026
Place: Kozhikode

For **Joseph& Associates**
*Chartered Accountants*
FRN:017407S

CA JIJU JOSEPH
Partner
Membership No.225875
UDIN:26225875ICBRVM4884

**KIFA**
**5/518, Niranath Building, Thalayad P/O**
**Unnikulam, Kozhikode-673574**
**RECEIPTS AND PAYMENTS FOR THE PERIOD 01-04-2024 TO 31-03-2025**

| RECEIPTS | 2024-25 | 2023-24 | PAYMENTS | 2024-25 | 2023-24 |
|---|---|---|---|---|---|
| To Opening Balances: | | | By Administrative expenses; | | |
| Cash in hand | - | - | Advertisement Expense | 1,58,843 | 4,89,080 |
| Cash at bank: | | | Salary | 1,48,520 | 1,46,600 |
| Federal Bank 892 | 1,70,828 | 10,13,389 | Legal Fee | 82,500 | 2,050 |
| Federal Bank A/c No 183744 | 2,93,500 | 49,067 | Rent | 1,32,000 | 1,54,700 |
| | | | Office Expense | 5,000 | 1,83,705 |
| To Capital & Member's Contribution: | | | Travel expenditure | - | 11,505 |
| Annual Contribution | - | 5,38,416 | Program and Events | 3,10,515 | 7,73,620 |
| Corpus Fund | 3,03,785 | - | Promotion and IT expenses | 1,24,320 | 1,74,050 |
| Membership Fee | 7,03,355 | 7,87,305 | Printing and stationery | 5,770 | 25,235 |
| Advance received from members | 60,225 | 64,937 | Festival allowances | 3,000 | - |
| | | | Bank charges | 1,828 | 1,951 |
| | | | Audit fee | 15,000 | - |
| | | | Laptop purchased | - | 26,289 |
| | | | Mobile Phone purchased | 9,577 | - |
| | | | Software Purchased | 10,000 | - |
| | | | Printer Purchased | 29,000 | - |
| | | | Closing Balances: | | |
| | | | Cash in hand | - | - |
| | | | Cash at bank: | | |
| | | | Federal Bank 3892 | 1,44,864 | 1,70,828 |
| | | | Federal Bank 3744 | 3,50,956 | 2,93,500 |
| | **15,31,693** | **24,53,114** | | **15,31,693** | **24,53,114** |

**For KIFA**

Chairman

Secretary

Date:12.01.2026
Place: Kozhikode

For **Joseph& Associates**
Chartered Accountants
FRN:017407S

CA JIJU JOSEPH
Partner
Membership No.225875
UDIN:26225875ICBRVM4884

**KIFA**
**5/518, Niranath Building, Thalayad P/O**
**Unnikulam, Kozhikode-673574**
**INCOME & EXPENDITURE FOR PERIOD 01-04-2024 TO 31-03-2025**

| EXPENDITURE | 2024-25 | 2023-24 | INCOME | 2024-25 | 2023-24 |
|---|---|---|---|---|---|
| **To Revenue expenditure:** | | | | | |
| Accounting Charge | 15,000 | 15,000 | By Revenue Receipts: | 7,96,795 | 8,43,520 |
| Advertisement Expense | 1,58,843 | 4,89,080 | | | |
| Bank Charges | 1,828 | 1,951 | | | |
| Legal Fee | 82,500 | 2,050 | | | |
| Office Expense | 5,000 | 1,83,705 | | | |
| Printing & Stationery | 5,770 | 25,235 | | | |
| Program and Events | 3,10,515 | 7,73,620 | | | |
| Promotion and IT expenses | 1,24,320 | 1,74,050 | | | |
| Rent Expense | 1,43,000 | 1,54,700 | | | |
| Salary Expense | 1,60,520 | 1,46,600 | | | |
| Travel Expense | - | 11,505 | By Excess of Expenditure Over Income | 2,95,794 | 11,91,584 |
| Audit Fee | 12,000 | 12,000 | | | |
| Depreciation | 52,350 | 45,609 | | | |
| Electricity Charges | 5,471 | - | | | |
| Festivel Allowances | 3,000 | - | | | |
| Internet Charges | 4,185 | - | | | |
| Repairs & Maintenance | 4,100 | - | | | |
| Telephone Charges | 4,187 | - | | | |
| **Total** | **10,92,589** | **20,35,104** | **Total** | **10,92,589** | **20,35,104** |

As per our audit report of even date

**For KIFA**
Chairman

Secretary

Date:12.01.2026
Place: Kozhikode

For **Joseph& Associates**
Chartered Accountants
FRN:017407S

CA JIJU JOSEPH
Partner
Membership No.225875
UDIN:26225875ICBRVM4884

**Shedule 1. Property,Plant and Equipments**

| Descriptions | Gross Block | | | Total | Depreciation | | Net Block |
|---|---|---|---|---|---|---|---|
| | As at 01.04.2024 | Additions/Deductions | | | Rate | Depreciation | As at 31.03.2025 |
| | | On or Before 30.09.2024 | On or After 1.10.2024 | | | | |
| **Block I** | | | | | | | |
| Projector | 3,341 | - | - | 3,341 | 15% | 501 | 2,840 |
| Mobile Phone | - | 9,577 | - | 9,577 | 15% | 1,437 | 8,140 |
| **Total** | **3,341** | **9,577** | **-** | **12,918** | | **1,938** | **10,981** |
| **Block II** | | | | | | | |
| Software | 34,211 | 10,000 | - | 44,211 | 40% | 17,684 | 26,526 |
| Laptop | 21,031 | - | - | 21,031 | 40% | 8,412 | 12,619 |
| Printer | | 29,000 | - | 29,000 | 40% | 11,600 | 17,400 |
| **Total** | **55,242** | **39,000** | **-** | **94,242** | | **37,697** | **56,545** |
| **Block III** | | | | | | | |
| Website | 50,862 | - | - | 50,862 | 25% | 12,716 | 38,147 |
| **Total** | **50,862** | **-** | **-** | **50,862** | | **12,716** | **38,147** |
| **Grand Total** | **1,09,445** | **48,577** | **-** | **1,58,022** | | **52,350** | **1,05,672** |

# അധികൃതരുടെ നിസ്സംഗതയ്ക്ക് സ്വന്തം ജീവൻ വിലയായി നൽകേണ്ടി വന്നവർ



**January - March 2026**

| വന്യമൃഗ ആക്രമണത്തിൽ പരുക്കാണോ മരണമാണോ സംഭവിച്ചത്? | വന്യമൃഗ ആക്രമണം നടന്ന ദിവസം | ആക്രമിച്ച മൃഗം | വന്യമൃഗ ആക്രമണം നേരിട്ട വ്യക്തിയുടെ പേര് | സംഭവം നടന്ന ജില്ല |
|---|---|---|---|---|
| മരണം | 1/1/2026 | പാമ്പ് | രജനി | മലപ്പുറം |
| മരണം | 3/2/2026 | ആന | ഷിജോ | തൃശ്ശൂർ |
| മരണം | 5/2/2026 | നാട്ടാന | വിഷ്ണു | തിരുവനന്തപുരം |
| മരണം | 8/2/2026 | പാമ്പ് | മാത്യൂസ് | തൃശ്ശൂർ |
| മരണം | 13/2/2026 | കാട്ടുപന്നി | രഘുനാഥൻ | കൊല്ലം |
| മരണം | 16/2/2026 | കാട്ടുപന്നി | എൻ. പ്രദീപൻ | കണ്ണൂർ |
| മരണം | 17/2/2026 | കടന്നൽ | വനജ | കണ്ണൂർ |
| മരണം | 20/2/2026 | കാട്ടുപന്നി | സാരജ് | പാലക്കാട് |
| മരണം | 27/2/2026 | ആന | അനീഷ് | കണ്ണൂർ |
| മരണം | 1/3/2026 | ആന | സുന്ദരൻ | തൃശ്ശൂർ |
| മരണം | 3/3/2026 | വൈദ്യുതവേലി | കൊച്ചുണ്ണി | തിരുവനന്തപുരം |
| മരണം | 3/3/2026 | വൈദ്യുതവേലി | അഖിൽ | തിരുവനന്തപുരം |
| മരണം | 3/3/2026 | ആന | രാജീവ് | വയനാട് |
| മരണം | 10/3/2026 | ആന | ഷൈജു | പാലക്കാട് |
| മരണം | 12/3/2026 | ആന | കുമാർ | തൃശ്ശൂർ |
| മരണം | 20/3/2026 | കാട്ടുപന്നി | ബാബു | പാലക്കാട് |
| മരണം | 24/3/2026 | കാട്ടുപോത്ത് | നടരാജൻ | ഇടുക്കി |
| മരണം | 9/3/2026 | ആന | രങ്കസ്വാമി | പാലക്കാട് |